II ഇ.ബി. XIV - കേരള നിയമസഭ/XV-1

**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2019 മേയ് 28, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

1(*1) സർക്കാർ ആശുപത്രികളുടെ നവീകരണം

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) നൽകിയ മറുപടിയിൽ, സർക്കാർ ആശുപത്രികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എം.ആർ.ഐ., സി.റ്റി. സ്കാൻ, കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റ് തുടങ്ങിയ ആധുനിക ഉപകരണങ്ങളും ചികിത്സാ സംവിധാനങ്ങളും

ലഭ്യമാക്കി പ്രാഥമികതലം മുതൽ തൃതീയതലംവരെ രോഗീസൗഹൃദമാക്കുന്നതിനും സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ആർദ്രം മിഷന്റെ ഭാഗമായി ഡോക്ടർമാരുടേതടക്കം വിവിധ വിഭാഗം ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ച് ജില്ലാ/ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനം ഏർപ്പെടുത്തുന്നതിനും തെരഞ്ഞെടുക്കപ്പെട്ട 28 താലൂക്ക് ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടുകൂടിയ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടിയെടുത്തിട്ടുണ്ട്. 8 ജില്ലാ ആശുപത്രികളിലും 2 മെഡിക്കൽ കോളേജുകളിലും പുതുതായി കാത്ത് ലാബ് അനുവദിച്ചിട്ടുണ്ടെന്നും 2 ജില്ലാ ആശുപത്രികളിൽ അത് പ്രവർത്തനസജ്ജമായിട്ടുണ്ടെന്നും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പത്തനംതിട്ട, മഞ്ചേരി, തൃശ്ശൂർ, ആലപ്പുഴ, കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രികളിലും കൊല്ലം, കണ്ണൂർ, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രികളിലും കാത്ത് ലാബ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്നും മന്ത്രി വ്യക്തമാക്കി. 44 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കാൻസർരോഗ ചികിത്സ മെഡിക്കൽ കോളേജുകളിൽക്കൂടി

ലഭ്യമാക്കുന്നതിനായി ഓങ്കോളജി, ഓങ്കോ പാത്തോളജി വിഭാഗത്തിൽ 105 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ജില്ലാ കാൻസർ കെയർ പ്രോഗ്രാമിന്റെ ഫലമായി ജില്ലാ/ജനറൽ ആശുപത്രികളിൽ കീമോതെറാപ്പി സൗകര്യം ലഭ്യമാക്കുന്നുണ്ടെന്നും മദ്ധ്യകേരളത്തിൽ പുതിയ കാൻസർ സെന്റർ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും 385 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടുകൂടി കൊച്ചി കാൻസർ സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസനം ദ്രുതഗതിയിൽ പുരോഗമിക്കുകയാണെന്നും മന്ത്രി വ്യക്തമാക്കി. ലിംബ് ഫിറ്റിംഗ് സെന്ററുകൾ ശക്തിപ്പെടുത്തുന്നതിനായി 50 ലക്ഷം രൂപ അനുവദിക്കുകയും ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ സെന്ററുകളുടെ ശാക്തീകരണത്തിനായി 250 ലക്ഷം രൂപയുടെ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്. മാതൃ-ശിശു ആരോഗ്യ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ ശക്തിപ്പെടുത്തുന്നതിനും പുതിയവ ആരംഭിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും MRI ഉൾപ്പെടെയുള്ള

അത്യാധുനിക ഉപകരണങ്ങൾ സ്ഥാപിക്കുകയും അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുകയും പുതിയ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കുകയും പി.ജി സീറ്റുകൾ വർദ്ധിപ്പിക്കുകയും മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. സമ്പൂർണ്ണ ട്രോമാ കെയർ സിസ്റ്റം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ലെവൽ-I ട്രോമാകെയർ സെന്ററായി തിരുവനന്തപുരം മെഡിക്കൽ കോളേജിനെ സജ്ജമാക്കിയിട്ടുണ്ട്. 'അമൃതം ആരോഗ്യം' പദ്ധതിയിൻകീഴിൽ സ്ട്രോക്ക് യൂണിറ്റുകൾ, ശ്വാസ് ക്ലിനിക്, ആശ്വാസ് ക്ലിനിക് തുടങ്ങിയവ ആരംഭിച്ചിട്ടുണ്ട്. സർക്കാർ ആശുപത്രികൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി തലശ്ശേരി ജനറൽ ആശുപത്രി, ചാലക്കുടി താലൂക്ക് ആശുപത്രി, പാറശ്ശാല ജനറൽ ആശുപത്രി, മട്ടാഞ്ചേരി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി എന്നിവിടങ്ങളിൽ മലിനജല സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ആരോഗ്യമേഖലയിൽ 4260 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും 2019-ൽ സബ്സെന്ററുകൾ മെച്ചപ്പെടുത്തുമെന്നും ചികിത്സാനിരക്ക് ഏകീകരിക്കുന്നതിനും സ്വകാര്യ ആശുപത്രികളുടെ ചൂഷണം തടയുന്നതിനുമായി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ പാസ്സാക്കിയിട്ടുണ്ടെന്നും ചികിത്സാ ആനുകൂല്യങ്ങളൊന്നും സർക്കാർ

പിൻവലിച്ചിട്ടില്ലെന്നും കേന്ദ്രസർക്കാരിന്റെ ആയുഷ്മാൻ പദ്ധതിയിൽ നിബന്ധനകളോടെയാണ് ഒപ്പുവച്ചിട്ടുള്ളതെന്നും കെ.എം.എസ്.സി.എൽ. വിതരണം ചെയ്യുന്ന ഉപകരണങ്ങളെയും മരുന്നുകളെയും കുറിച്ച് പരാതിയുണ്ടാകുന്നപക്ഷം അത് ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

2 (*2 & *18) <u>പോലീസ് സേനയുടെ ശാക്തീകരണം</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, പോലീസ് സേനയുടെ ശാക്തീകരണത്തിനും ആധുനികവൽക്കരണത്തിനുമായി 2019-20 സാമ്പത്തിക വർഷം 175 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 'THUNA' Mobile/Web ആപ്ലിക്കേഷനിലൂടെ ഓൺലൈനായി പരാതികൾ സ്വീകരിക്കാനും എഫ്.ഐ.ആർ.-ന്റെ പകർപ്പും പോലീസിന്റെ സേവനങ്ങളും ലഭ്യമാക്കുന്നതിനുമുള്ള സംവിധാനവും അന്വേഷണ ഉദ്യോഗസ്ഥർക്ക് വിരലടയാള വിവരങ്ങൾ ഉടനടി ലഭ്യമാക്കുന്നതിനായി ഓട്ടോമേറ്റഡ് ഫിംഗർ ഐഡന്റിഫിക്കേഷൻ സിസ്റ്റവും ഏർപ്പെടുത്തിയിട്ടുണ്ട്. സി.സി.റ്റി.എൻ.എസ്. സംവിധാനത്തിലൂടെ കേസുകൾ സംബന്ധിച്ച വിവരം

ഓൺലൈനായി ലഭ്യമാണെന്നും പാസ്പോർട്ട് സംബന്ധമായ വെരിഫിക്കേഷൻ നടപടികൾ വേഗത്തിലാക്കാൻ 'e-VIP' വെബ് പോർട്ടൽ ഏർപ്പെടുത്തിയിട്ടുണ്ടെന്നും എല്ലാ പോലീസ് സ്റ്റേഷനുകളിലും പി.ആർ.ഒ.-മാരെ നിയമിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. പൊതുജനങ്ങൾക്ക് പോലീസിന്റെ അടിയന്തര സഹായം തേടുന്നതിനായി 112 എന്ന നമ്പറിലുള്ള എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം അഞ്ച് ജില്ലകളിലും സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി 1515 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടാവുന്ന കൺട്രോൾ റൂമുകൾ എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ക്രമസമാധാനപാലനവും കുറ്റാന്വേഷണവും കാര്യക്ഷമമാക്കാൻ 471 പോലീസ് സ്റ്റേഷനുകളിലും സർക്കിൾ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ടെന്നും പുതുതായി 12 പോലീസ് സ്റ്റേഷനുകളും 4 തീരദേശ പോലീസ് സ്റ്റേഷനുകളും ആരംഭിച്ചിട്ടുണ്ടെന്നും 6 എണ്ണം ശിശുസൗഹൃദമാക്കി മാറ്റിയിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. അതിർത്തികളിൽ ജാഗ്രത ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 18 കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലും കോസ്റ്റൽ ഇന്റലിജൻസ് വിംഗ് രൂപീകരിക്കുകയും തീരദേശ മേഖലകളിൽ ഫിഷറീസ്

ഡിപ്പാർട്ടുമെന്റിന്റെയും മറൈൻ എൻഫോഴ്സ്മെന്റിന്റെയും സഹകരണത്തോടെ ബോട്ട് പട്രോളിംഗ് നടത്തുകയും തീരദേശ പരിപാലനം ശക്തമാക്കുന്നതിനായി 'ഇന്റർസെപ്റ്റർ' ബോട്ടുകളിൽ ജീവൻ രക്ഷാ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള അത്യാധുനിക സംവിധാനങ്ങൾ സജ്ജീകരിക്കുകയും തീരദേശവാസികളെ ഉൾപ്പെടുത്തി കടലോര ജാഗ്രതാ സമിതികൾക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളി വിഭാഗത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 177 കോസ്റ്റൽ വാർഡൻമാരെ പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ നിയമിക്കുന്നതാണെന്നും പ്രത്യേക നിയമനം വഴി ആദിവാസി വിഭാഗത്തിൽപ്പെട്ട 78 പേരെ പോലീസ് സേനയിൽ നിയമിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ട്രാഫിക് പോലീസ് സ്റ്റേഷനുകളെയും യൂണിറ്റുകളെയും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി ട്രാഫിക് നിയന്ത്രണം കാര്യക്ഷമമാക്കിയിട്ടുണ്ട്. പിങ്ക് പോലീസ് പട്രോൾ/കൺട്രോൾ റൂം ആരംഭിക്കുകയും ക്രൈം & ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്കിംഗ് സിസ്റ്റം ശക്തിപ്പെടുത്തുകയും ക്രൈം ബ്രാഞ്ച് സംവിധാനം പുനഃസംഘടിപ്പിക്കുകയും വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ യൂണിറ്റ് ആരംഭിക്കുന്നതിന് അനുമതി

നൽകുകയും ചെയ്തിട്ടുണ്ടെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. നാഷണൽ ട്രാക്കിംഗ് സിസ്റ്റം പോർട്ടൽ ഉപയോഗിച്ച് കാണാതാകുന്നവരെ വേഗത്തിൽ കണ്ടെത്താൻ സാധിക്കുന്നതാണ്. ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, ജ്വലറികൾ, ഫാക്ടറികൾ എന്നിവയുടെ സി.സി.ടി.വി. സംവിധാനം പോലീസുമായി ബന്ധപ്പെടുത്തുന്നതിനായി സെൻട്രൽ ഇൻട്രൂഷൻ മോണിറ്ററിംഗ് സിസ്റ്റം (CIMS) നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്നും CCTV Cameras with Remote Monitoring പദ്ധതി 200 പോലീസ് സ്റ്റേഷനുകളിൽ നടപ്പാക്കുന്നതിനായി 14 ജില്ലകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. തൃശ്ശൂർ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയെ ഹൈടെക് ലബോറട്ടറിയായി ഉയർത്തിയിട്ടുണ്ട്. അന്ധവിശ്വാസങ്ങളുടെ അടിസ്ഥാനത്തിൽ ക്രിമിനൽ പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ നിയമ പിൻബലത്തോടുകൂടിയ നടപടി സ്വീകരിക്കുമെന്നും ദൂരപരിധിയും ജനസാന്ദ്രതയും കണക്കാക്കി കൂടുതൽ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുമെന്നും ദുബായ് മോഡൽ സ്മാർട്ട് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

3 (*3) <u>പൈതൃക മന്ദിരങ്ങളുടെ സംരക്ഷണം</u>

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) നൽകിയ മറുപടിയിൽ, നിർമ്മിതിയുടെ പൈതൃകപരമായ സവിശേഷതകളും പ്രാധാന്യവും നിർമ്മാണ രീതിയിലെ പ്രത്യേകതകളും കണക്കിലെടുത്ത് തനതു രീതിയിൽ നിലനിർത്താനുള്ള പ്രവർത്തനങ്ങളാണ് പുരാവസ്തു വകുപ്പ് കൈക്കൊണ്ടുവരുന്നതെന്നും 8 പൈതൃക നിർമ്മിതികളെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അന്തിമ വിജ്ഞാപനവും 4 സ്മാരകങ്ങളുടെ പ്രാഥമിക വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം 100 വർഷത്തിൽ കൂടുതൽ പഴക്കമുള്ളതും ചരിത്രപരമായോ പുരാവസ്തു ശാസ്ത്രപരമായോ വാസ്തുശിൽപ്പപരമായോ പ്രാധാന്യമുള്ളതുമായ സ്മാരകങ്ങളെയാണ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നത്. പുരാവസ്തു സംരക്ഷണ നിയമത്തിന്റെ പരിധിയിൽപ്പെടുന്ന സ്മാരകമാണെന്ന് ബോദ്ധ്യപ്പെട്ടാൽ മാത്രമേ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുകയുള്ളൂവെന്നും റവന്യൂ വിശദവിവരം ജില്ലാ കളക്ടർമാരിൽ നിന്നും ശേഖരിച്ച് പ്രാഥമിക വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി രണ്ട്

മാസത്തിനുള്ളിൽ ഉന്നയിക്കപ്പെടുന്ന ആക്ഷേപങ്ങളിൽ ഹിയറിംഗ് നടത്തിയാണ് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചവയുടെ സംരക്ഷണ പ്രവൃത്തികൾ വകുപ്പിന്റെ മേൽനോട്ടത്തിൽ നടത്തുന്നതാണ്. 183 സംരക്ഷിത സ്മാരകങ്ങളുള്ളതിൽ 141 എണ്ണത്തിന് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികളെന്ന വ്യാജേന ചുണ്ണാമ്പും സുർക്കിയുമുൾപ്പെടെയുള്ള വസ്തുക്കളുപയോഗിച്ച് നിർമ്മിച്ച ചില പൈതൃക മന്ദിരങ്ങൾ പൊളിച്ചു പണിയാനുള്ള ശ്രമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ആറ്റിങ്ങൽ കൊട്ടാരം, ഇരവിപേരൂർ ഇമ്മാനുവേൽ മാർത്തോമ്മാ പള്ളി, ഗവൺമെന്റ് ബോയ്സ് ഹൈസ്കൂൾ നെയ്യാറ്റിൻകര, ഒല്ലൂർ സെന്റ് ആന്റണീസ് ഫെറോന ചർച്ച് നടശാല, ശക്തൻ തമ്പുരാന്റെ ജന്മഗൃഹമായ ആലുവ വെള്ളാരിപ്പള്ളി കോവിലകം മുതലായവ പൊളിച്ചുകളയാനുള്ള നീക്കം വകുപ്പ് ഇടപെട്ട് നിർത്തിവച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. വിദഗ്ദ്ധരായ തൊഴിലാളികളുടെ അഭാവവും സമയദൈർഘ്യവും ആറ്റുമണലിന്റെ ലഭ്യതക്കുറവുംമൂലം പൈതൃക നിർമ്മിതികളിൽ ശുദ്ധമായ ചുണ്ണാമ്പ്, സുർക്കി മിശ്രിതത്തിന് ബദലായി സിമന്റ് ഉപയോഗിക്കുന്നുണ്ട്. പൈതൃക

നിർമ്മിതികളുടെ പ്രാധാന്യത്തെപ്പറ്റിയും അവ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും ഉടമസ്ഥരെ ബോദ്ധ്യപ്പെടുത്താൻ സാധിച്ചിട്ടുണ്ടെന്നും പൊതുജനങ്ങൾക്കിടയിൽ ഇതുസംബന്ധിച്ച് ബോധവൽക്കരണം നടത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വകുപ്പിലെ കൺസർവേഷൻ എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥ വിഭാഗം പരിശോധനകൾക്ക് നേതൃത്വം നൽകുന്നുണ്ടെന്നും പുരാവസ്തു വകുപ്പിന്റെ സമ്മതമില്ലാതെ പൈതൃക മന്ദിരങ്ങൾ നവീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുമെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1 മുതൽ 399 വരെയുള്ള ചോദ്യങ്ങളിൽ 59 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)